**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5327** **12-08-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി മേഖലയിലെ വ്യവസായ സൗഹൃദസമീപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ** | | **Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായ എസ്റ്റേറ്റുകളിലും വ്യാവസായിക മേഖലകളിലും 22 കെ.വി. വൈദ്യുതി എത്തിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്ത് പാലക്കാട് ജില്ലയിൽ കഞ്ചിക്കോട്, വാളയാർ എന്നി സ്ഥലങ്ങളിലെ വ്യവസായ എസ്റ്റേറ്റുകളിൽ മാത്രമാണ് 22 കെ.വി വൈദ്യുതി വിതരണം നിലവിലുള്ളത്. എല്ലാ വ്യവസായിക എസ്റ്റേറ്റുകളിലും മേഖലകളിലും 22 കെ.വി. വൈദ്യുതി എത്തിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | സംസ്ഥാനത്തിന് പുറത്തുനിന്ന് കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങാൻ മേൽ പറഞ്ഞ മേഖലകളിലെ കമ്പനികൾക്ക് അനുമതി നൽകുമോ; | (ബി) | KSERC (Connectivity and Open Access) Regulations 2013-ൽ നിഷ്കർഷിച്ചിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി സംസ്ഥാനത്തിനു പുറത്തു നിന്നും വൈദ്യുതി വാങ്ങാവുന്നതാണ്. |
| (സി) | പുതിയ വ്യവസായങ്ങൾക്കും നിലവിലുള്ള ഫാക്ടറികളുടെ വിപുലീകരണ യൂണിറ്റുകൾക്കും ഇലക്ട്രിക് ഡ്യൂട്ടി നൽകുന്നതിൽ നിന്ന് അഞ്ചുവർഷത്തെ ഇളവ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | നിലവിൽ കേരള ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട് 1963 പ്രകാരമാണ് സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്ന് ഇലക്ട്രിസിറ്റി ഡ്യൂട്ടി ഈടാക്കി വരുന്നത്. ഇതിൽ ഭേദഗതി വരുത്തി ഇളവുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | പുറത്തുനിന്ന് പാരമ്പര്യേതര സ്രോതസ്സിൽ നിന്നുള്ള വൈദ്യുതി വാങ്ങാൻ ക്രോസ് സബ്സിഡി ചാർജ്ജ്, ഗ്രിഡ് സപ്പോർട്ട് ചാർജ്ജ് എന്നിവ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | KSERC (Connectivity and Open Access) Regulations 2013 പ്രകാരമാണ് ക്രോസ് സബ്സിഡി സർചാർജ്ജ് ഈടാക്കുന്നത്. KSERC (Renewable Energy and Net Metering) Regulations 2020 പ്രകാരമാണ് ഗ്രിഡ് സപ്പോർട്ട് സർചാർജ്ജ് ഈടാക്കുന്നത്. KSERC റെഗുലേഷനുകളിൽ നിഷ്കർഷിക്കുന്ന ചാർജ്ജുകൾ ഒഴിവാക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ